# ദൈവവാക്യം




# THE BIBLE TRUTH

# ബൈബിൾ വിവരണം

## (66 പുസ്തകങ്ങൾ)

## മതകാലയളവ്



# THE BIBLE TRUTH

Editors

**P. K. VARGHESE** **J. C. CHOATE**

000 000 000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 17** **March 2004** **No. 12**


## എഡിറ്റോറിയൽ

ദേശമെങ്ങും തിരഞ്ഞെടുപ്പിന്റെ ചൂടിലാണല്ലോ. ദീർഘ വർഷങ്ങളായി ജനങ്ങൾ തിരഞ്ഞെടുക്കുന്ന പ്രതിനിധികളുടെ ഭൂരിപക്ഷം അനുസരിച്ചാണ് അവർ ഭരണ രംഗത്തെത്തുന്നതു എന്നതു ഒരു യാഥാർത്ഥ്യമാണ്. എന്നാൽ ഇവരെ അധികാര സ്ഥാനത്തെത്തിക്കുന്നതു വാസ്തവത്തിൽ ദൈവമാണ്. കാരണം ദൈവത്താലല്ലാതെ ഒരധികാരവും ആർക്കും ലഭിക്കുന്നില്ല. ഈ പരമാർത്ഥം പലരും മറക്കുകയോ അറിയാതിരിക്കുകയോ ചെയ്തേക്കാം. ജനപ്രതിനിധികൾ ആയി തിരഞ്ഞെടുക്കേണ്ടവർ ആരെന്നും ഏതു മാനദണ്ഡത്തിലാണ് അവരെ നിയമിക്കേണ്ടതെന്നും ശരിയായ പരിശോധന കൂടാതെയാണ് പലരെയും കണ്ടെത്തുന്നതു. വോട്ടവകാശം പ്രായപൂർത്തിയായവർക്കാണല്ലോ ഉള്ളതു. രാഷ്ട്രീയ അവബോധമോ പണമോ മാനദണ്ഡമായി എടുത്തു സ്ഥാനാർത്ഥികളെ നിയോഗിക്കുന്ന സമ്പ്രദായം പണ്ടു മുതല്ക്കേ ഉണ്ട്. എന്നാൽ പണ്ടുണ്ടായിരുന്ന ആദർശമോ അച്ചടക്കമോ സാമൂഹ്യമായ അംഗീകാരമോ ഒന്നും നോക്കാതെ പണം വാരി വിതറി വോട്ടു പിടിക്കുന്നതും രാഷ്ട്രീയ പാർട്ടിയുടെ സമ്മർദ്ദ തന്ത്രം ഉപയോഗിച്ചു വോട്ടു നേടുന്നതും സാധാരണയാണ്.

പണ്ടുണ്ടായിരുന്ന സ്ഥിതിയല്ല ഇന്നുള്ളതു. രണ്ടോ മൂന്നോ രാഷ്ട്രീയ പാർട്ടി മാത്രം ഉണ്ടായിരുന്നപ്പോൾ

പ്രതിനിധികളുടെ എണ്ണവും കുറവായിരുന്നു. ഇന്നു അധികാരത്തിനു വേണ്ടി മത്സരിക്കുന്നവർ ധാരാളമുണ്ട്. ജനസേവനമല്ല ഇന്നത്തെ ജനപ്രതിനിധികളുടെ ഉന്നം; പ്രശസ്തിയും സ്വാർത്ഥതയും ലക്ഷ്യമാക്കി അധികാരത്തിൽ കയറുമ്പോൾ അവരുടെ പ്രവൃത്തികൾ ജനങ്ങൾക്കു ദുസ്സഹമായി തീരും. ഇന്നു എല്ലാ രാജ്യങ്ങളിലും ഭരണരംഗത്തിലും ഉദ്യോഗതലത്തിലും അഴിമതി നിറഞ്ഞു നില്ക്കുകയാണ് എന്ന അപഖ്യാതി നിലനില്ക്കുന്നു. കെടുകാര്യസ്ഥതയും ചിലരുടെ മുഖമുദ്രയാണ്. ജനപ്രതിനിധികളെ തിരഞ്ഞെടുക്കുവാൻ പോകുന്നവർ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ ധാർമ്മികത്വവും, സ്വഭാവവും ജനതാല്പര്യവും ജനങ്ങളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാനുള്ള കഴിവും അവർക്കുണ്ടോ എന്നു നോക്കണം. സേവന സന്നദ്ധതയും അറിവും ഇല്ലാത്തവരെ ഒരിക്കലും ഈ രംഗത്തേക്കു കൊണ്ടു വരരുതു. കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടവരേയും അതിനു പ്രോത്സാഹിപ്പിച്ചവരേയും ജനം തള്ളി കളയണം. അധികാരഭ്രമമുള്ളവരെ നിരുത്സാഹപ്പെടുത്തണം. കാരണം അവരിൽ ലക്ഷ്യബോധമില്ലായിരിക്കും. നാം നമ്മുടെ കടമ ശരിയായി നിർവ്വഹിച്ചില്ലെങ്കിൽ അതിന്റെ ഫലം അനുഭവിക്കേണ്ടിവരുമല്ലോ.

സൽപ്രവൃത്തികൾക്കു സൽഭരണം അനിവാര്യമാണ്. നീതിയും ന്യായവും സത്യവും സമൂഹത്തിൽ തുല്യമായി എല്ലാവർക്കും ലഭ്യമാകണം. ന്യൂനപക്ഷമോ, സമ്മർദ്ദമോ തന്ത്രമോ, കണക്കിലെടുക്കാതെ താഴെ കിടയിൽ നിന്നു ഏറ്റവും മുകളിൽ ഉള്ളവർക്കുവരെ ഭരണ നേട്ടം അനുഭവിക്കാൻ കഴിയണം. സമൂഹത്തെ നശിപ്പിക്കുന്ന ധനാഗമമാർഗ്ഗം അധികാരികൾ ഉപേക്ഷിക്കണം. അക്രമവും അനീതിയും ഒഴിവാക്കണമെന്ന ആഗ്രഹം ഭരിക്കുന്നവർക്കുണ്ടാകണം.

# നാമധേയ വിഭാഗീയത്വം പുതിയതല്ല

### J.C. ചോട്ട്

യേശുക്രിസ്തു ഈ ഭൂമിയിൽ വന്നപ്പോൾ താൻ തന്റെ സഭ പണിയും എന്നു വാഗ്ദാനം ചെയ്തു (മത്തായി 16:18, 19). അപ്പൊസ്തലന്മാരുടെ പ്രസംഗത്താൽ അതു നിറവേറിയതായി പ്രവൃത്തികൾ രണ്ടാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഏക സഭയാണ് അന്നു സ്ഥാപിക്കപ്പെട്ടതു. യേശുക്രിസ്തുവിൽ വിശ്വസിച്ച്, തങ്ങളുടെ പാപങ്ങളിൽ നിന്നു വിട്ടു തിരിഞ്ഞു, ക്രിസ്തു ദൈവ പുത്രനെന്നു ഏററു പറഞ്ഞു, പാപമോചനത്തിനായി സ്നാനമേററവരാണ് അതിലെ അംഗങ്ങൾ (മർക്കൊസ് 16:16; പ്രവൃത്തി 2:38; റോമർ 10:10; 6:3-4) കർത്താവു അവരെ രക്ഷിച്ചപ്പോൾ തന്റെ സഭയോടു ചേർത്തു (പ്രവൃത്തി 2;47). പുതിയ നിയമ തിരുവെഴുത്തുകൾ മുഴുവനും വായിക്കുക, നിങ്ങൾക്കു അന്നു മുതൽ ദൈവം അംഗീകരിച്ചിരിക്കുന്ന ഒരേ ഒരു സഭ മാത്രമെ കാണാൻ കഴിയൂ. സഭയെ വ്യത്യസ്തപ്പെടുത്തി തിരിച്ചറിയാവുന്ന വസ്തുത, ക്രിസ്തു അതിനു വേണ്ടി മരിച്ചു എന്നതാണ് (പ്രവൃത്തി 20:28). അവൻ അതിന്റെ തലയാണ് (കൊലൊസ്യർ 1:18). അവൻ അതിന്റെ രക്ഷിതാവാണ് (എഫെസ്യർ 5:23). ക്രിസ്തുവാണ് അതിന്റെ അടിസ്ഥാനം (1 കൊരിന്ത്യർ 3:11). അതു ക്രിസ്തുവിന്റെ നാമമാണ് ധരിച്ചിരിക്കുന്നതു (പ്രവൃത്തി 4:12). അവൻ ആ സഭക്കു വേണ്ടിയാണ് വീണ്ടും വരുന്നതു (1 തെസ്സലൊനിക്യർ 4:13-14). പിന്നെ സഭ പിതാവിനു ഏല്പിച്ചു കൊടുക്കും (1 കൊരിന്ത്യർ 15:24). ഇന്നും ബൈബിൾ പ്രകാരം ഒരേ ഒരു സഭ മാത്രമാണുള്ളതു. അതിനപ്പുറമായിട്ടുള്ളതു കർത്താവു അംഗീകരിക്കയോ സ്വീകരിക്കയോ ഇല്ല.

എങ്കിലും വാസ്തവത്തിൽ നൂറു കണക്കിനു നാമധേയ വിഭാഗങ്ങൾ ഈ ലോകത്തിലുണ്ട്. അവയോ? ദൈവം അവയെ എങ്ങനെ കാണുന്നു! പല സഭകളെ കുറിച്ചു നാം ചിന്തിക്കുമ്പോൾ നമ്മുടെ കാലയളവിൽ ഇതു പ്രത്യേകതയുള്ളതാണ്. കഴിഞ്ഞ ചില നൂററാണ്ടുകൾക്കുള്ളിലാണ് നാമധേയ വിഭാഗങ്ങളുടെ ആവിർഭാവം. എന്നാൽ ഈ കാര്യത്തെ സംബന്ധിച്ചു നമ്മുടെ ചിന്താഗതിയല്ല ബൈബിളിൽ ഉള്ളതു. കർത്താവിൻെറ സഭയിൽ നിന്നു ചിലർ വീണു പോകുമെന്നു അപ്പൊസ്തലനായ പൌലൊസ് മുന്നറിയിച്ചിട്ടുണ്ട്. "ആരും ഏതു വിധേനയും നിങ്ങളെ ചതിക്കരുതു; ആദ്യമേ വിശ്വാസ ത്യാഗം സംഭവിക്കയും നാശയോഗ്യനും അധർമ്മ മൂർത്തിയുമായവൻ വെളിപ്പെടുകയും വേണം. അവൻ ദേവാലയത്തിൽ ഇരുന്നുകൊണ്ടു ദൈവം എന്നു നടിച്ചു, ദൈവം എന്നോ പൂജാവിഷയം എന്നോ പേരുള്ള സകലത്തിനും മീതെ തന്നെത്താൻ ഉയർത്തുന്ന എതിരാളി അത്രേ" (2 തെസ്സലൊനീക്യർ 2:3-4). വീണ്ടും അവൻ പറയുന്നു: "എന്നാൽ ഭാവികാലത്തു ചിലർ വ്യാജാത്മാക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിച്ചു ഭോഷ്ക്കു പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കും എന്നു ആത്മാവു തെളിവായി പറയുന്നു. അവർ സ്വന്ത മനസ്സാക്ഷിയിൽ ചൂടു വെച്ചവരായി വിവാഹം വിലക്കുകയും സത്യത്തെ ഗ്രഹിച്ചിരിക്കുന്ന വിശ്വാസികൾ സ്തോത്രത്തോടെ അനുഭവിപ്പാൻ ദൈവം സൃഷ്ടിച്ച ഭോജ്യങ്ങളെ വർജ്ജിക്കേണം എന്നു കല്പിക്കയും ചെയ്യും" (1 തിമൊഥെയൊസ് 4:1-2).

കാലം കഴിഞ്ഞപ്പോൾ സഭയിലെ വലിയൊരു കൂട്ടം അംഗങ്ങൾ തെററിലേക്കു വീണുപോയി. എല്ലാവരും വീണുപോയതുമില്ല. എന്നാൽ കർത്താവിൻെറ നാമത്തിനു വൃണമേൽക്കുവാൻ മതിയായത്ര തെററിപോയി. അങ്ങനെ തെററിപോയവരാണ് ഏതാണ്ട് 600 കളിൽ കത്തോലിക്കാ സഭയായി അറിയപ്പെട്ടതു. ശേഷിച്ചവർ കർത്താവിൻെറ സഭയായ ഏക ശരീരമായി നിലനിന്നു.

സഭയുടെ പ്രാരംഭഘട്ടത്തിലും ഓരോ സമയത്തും ഭിന്നത ഉടലെടുത്തിട്ടുണ്ട്. കൊരിന്ത്യയിലുണ്ടായിരുന്ന ക്രിസ്ത്യാനികൾ വിഭജിക്കപ്പെട്ടതായി ഒന്നുകൊരിന്ത്യർക്കെഴുതിയ ലേഖനത്തിൽ നാം വായിക്കുന്നുണ്ട്. ചിലർ പൌലൊസിന്റെ പക്ഷക്കാർ എന്നും, ചിലർ അപ്പൊല്ലോസിന്റെ പക്ഷക്കാർ എന്നും മററു ചിലർ കേഫാവിന്റെ (പത്രൊസ്) പക്ഷക്കാർ എന്നും വേറെ ചിലർ ക്രിസ്തുവിന്റെ അനുയായികളും എന്നും പറയാൻ തുടങ്ങി. ഇതു കർത്താവിനു പ്രസാദകരമായിരുന്നില്ല. ക്രിസ്തു മാത്രമാണ് ഞങ്ങൾക്കു വേണ്ടി മരിച്ചതു. അതുകൊണ്ടു ക്രിസ്തുവിനെ മാത്രമെ അനുഗമിക്കാവൂ. മററുള്ളവർ വെറും മനുഷ്യരാണ് എന്നു പൌലൊസ് കാര്യകാരണ സഹിതം പറയുന്നുണ്ട്. “സഹോദരന്മാരേ, നിങ്ങൾ എല്ലാവരും ഒന്നു തന്നെ സംസാരിക്കയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭവിക്കാതെ ഏക മനസ്സിലും ഏകാഭിപ്രായത്തിലും യോജിച്ചിരിക്കയും വേണം എന്നു ഞാൻ നിങ്ങളെ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമം ചൊല്ലി പ്രബോധിപ്പിക്കുന്നു (1 കൊരിന്ത്യർ 1:10). “ഭിന്നപക്ഷങ്ങളെയും ഇടർച്ചകളെയും ഉണ്ടാക്കുന്നവരെ സൂക്ഷിച്ചുകൊൾവിൻ എന്നാണ് പൌലൊസ് റോമർക്കു ലേഖനമെഴുതുമ്പോൾ പറഞ്ഞതു (റോമർ 16:17-18). യേശു, തന്റെ ജനത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതു അവർ വിഭജിക്കാതെ ഒന്നായി തീരുവാനാണ് (യോഹന്നാൻ 17:21-23).

ഐക്യതക്കു വേണ്ടിയുള്ള ഈ അപേക്ഷയും പ്രാർത്ഥനയും ഉണ്ടായിരുന്നിട്ടും മനുഷ്യൻ മനുഷ്യനല്ലേ ? പല കാരണങ്ങൾകൊണ്ടു ഭിന്നത ഉടലെടുത്തു. മനുഷ്യരുടെ തെററായ ഉപദേശങ്ങളിൽ വഞ്ചിക്കപ്പെട്ടു പോയവർ ഉണ്ട്. ക്രിസ്തുവിന്റേയും അപ്പൊസ്തലന്മാരുടേയും കാലത്തുപോലും അങ്ങനെ സംഭവിച്ചിട്ടുണ്ട്. കർത്താവിന്റെ സഭയിലെ അനേകർ അകന്നു പോകയും കത്തോലിക്കാസഭയായി വന്നു ക്രമേണ റോമൻ കത്തോലിക്കാ എന്നും ഗ്രീക്കു കത്തോലിക്കാ എന്നും വിഭജിക്കപ്പെട്ടു. 2500 ക

ളുടെ അവസാനം മാർട്ടിൻ ലൂഥർ എന്നയാൾ ''പുനരുത്ഥാനപ്രസ്ഥാനം'' ആരംഭിച്ചു. അതിൽ നിന്നും പ്രൊട്ടസ്റ്റന്റ് പ്രസ്ഥാനം പുറപ്പെട്ടു. അതിനെ തുടർന്നു അനവധി വിഭാഗങ്ങൾ ഉണ്ടായി.

ബൈബിൾ കാലഘട്ടത്തെ നാം ശരിയായി പഠിച്ചാലും ചരിത്രം നോക്കിയാലും ആ കാലത്തിനു ശേഷം എപ്പോഴും വിഭജിക്കപ്പെട്ടുകൊണ്ടിരിക്കുന്നതായി കാണാം. വ്യക്തികൾ ദുരുപദേശത്തിനു വഴങ്ങി കൊടുക്കുന്നു അതാണ് അനേകരെ സഭയിൽ നിന്നും അകററുന്നതു. ഇതു ചെയ്യുന്നവരും ഇതിനോടു ചേരുന്നവരും ഒരുപോലെ തെററുകാരാണ്. അവർ മതപരമായ ആളുകളാണെങ്കിലും അവർ കർത്താവിന്റെ ശത്രുക്കളാണ്. ഇങ്ങനെ വിഭജിക്കപ്പെട്ടു കാണുമ്പോൾ സത്യ സ്നേഹികളും കർത്താവിനോടു വിശ്വസ്തത പുലർത്തുന്നവരുമായ നാം തെററു കാണുമ്പോൾ അതിനെ എതിർക്കേണ്ടവരാണ്. യേശുക്രിസ്തുവും അപ്പൊസ്തലന്മാരും ഭിന്നതയെ എതിർത്തിരുന്നു. ഒരു രാജ്യം തന്നിൽ തന്നെ ഛിദ്രിച്ചാൽ അതിനു നിലനില്പില്ല എന്നാണ് കർത്താവു പഠിപ്പിച്ചതു. ഇങ്ങനെ നാം ചെയ്യുമ്പോൾ പലപ്പോഴും നാം തളർന്നു പോകാം. ആളുകൾ നമ്മെ കുററപ്പെടുത്തിയേക്കാം. പക്ഷെ നാം നോക്കേണ്ടതു ദൈവത്തെയാണ്. ദൈവേഷ്ടമാണ് പരമപ്രധാനം.

സത്യത്തിനു വേണ്ടി നിലനിന്ന യേശുവിന്റെയും അപ്പൊസ്തലന്മാരുടെയും മാതൃകയാണ് നാം പിൻപററേണ്ടതു. അതു അത്ര എളുപ്പമല്ല. പാപമില്ലാതെ ജീവിച്ചു സത്യോപദേശം മാത്രം ലക്ഷ്യമാക്കിയ യേശുവിനു അതു ബോധ്യവുമാണ് അപ്പൊസ്തലന്മാരും ആദിമ ക്രിസ്ത്യാനികളും. ഉപദ്രവിക്കപ്പെട്ടതു മറെറാന്നിനു വേണ്ടി ആയിരുന്നില്ല: സഭക്കു വേണ്ടിയും സത്യോപദേശത്തിനു വേണ്ടിയും ജീവിച്ച ക്രിസ്ത്യാനികളായിരുന്നു അന്നുണ്ടായിരുന്നതു. അവർ ആത്മാർത്ഥതയുള്ള ദൈവ ജനമായിരുന്നു. അവർ തെററുകാരായിരുന്നതുകൊണ്ടോ ജന

ങ്ങൾ പറയുന്ന കുററങ്ങൾ അവരിൽ ഉണ്ടായിരുന്നതുകൊണ്ടോ അല്ല പീഡിപ്പിക്കപ്പെട്ടതു; അവർ സത്യത്തിനു വിട്ടുവീഴ്ച്ച ചെയ്തില്ല. അവർ യഥാർത്ഥത്തിൽ സത്യവിശ്വാസികൾ ആയിരുന്നു.

ഇന്നു നാം ലോകത്തിൽ എന്തു കാണുന്നു എന്നു നോക്കാതെ കർത്താവിന്റെ ഉപദേശം കേട്ടു, വിശ്വസിച്ചു, അനുസരിച്ചു അവനെ പിൻപററി മരണത്തോളം വിശ്വസ്തമായി ജീവിക്കണം. അവസാനം കർത്താവു പ്രതിഫലം തരും. സ്വർഗ്ഗത്തിൽ കർത്താവിന്റെ സഭയിലുള്ളവർക്കു ഒരു ഭവനമുണ്ട്. കർത്താവിന്റെ സഭയ്ക്കു പകരം, കർത്താവിന്റെ സത്യ വചനത്തിനു പകരം, മനുഷ്യരുടെ ഉപദേശം കേട്ടനുസരിച്ച് മനുഷ്യ നിർമ്മിത വിഭാഗങ്ങളിൽ അംഗങ്ങളായിരിക്കുന്ന ഭിന്നതയെ മാനിക്കുന്നവരാണ്. അന്ത്യനാളിൽ അവർ നിത്യദണ്ഡനത്തിലേക്കു തള്ളപ്പെടും. പിതാവിങ്കലേക്കു പോകുവാൻ യേശുക്രിസ്തുവിന്റെ ഉപദേശം എന്ന ഏക വഴിയേ ഉള്ളു. അവൻ മുഖാന്തരം മാത്രമെ ആർക്കും സ്വർഗ്ഗത്തിൽ പോകാൻ കഴിയൂ (യോഹന്നാൻ 14:6). ഇതു നിങ്ങൾ വിശ്വസിക്കുന്നുവോ ? ഒരു ദിവസം നിങ്ങൾ ഇതു നേരിട്ടു അറിയും.

★

# ദൈവത്തിനു ബോധിച്ച ഒരു മനുഷ്യൻ

ക്ലെം തർമാൻ

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

ദൈവത്തിൽ നിന്നുള്ള ഈ സാക്ഷ്യത്തിന്റെ ഉപസംഹാരം ലഭ്യമാണ്. _ ''ദൈവം പണ്ടു ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തരം പിതാക്കന്മാ

രോടു അരുളിച്ചെയ്തിട്ടു ഈ അന്ത്യകാലത്തു പുത്രൻ മുഖാന്തരം നമ്മോടു അരുളിച്ചെയ്തിരിക്കുന്നു'' (എബ്രായർ 1:1-2). പണ്ടു ദൈവം മനുഷ്യരോടു നേരിട്ടു സംസാരിച്ചു (ഉല്പത്തി 3; സംഖ്യാപുസ്തകം 12). എന്നാൽ അധിക ഭാഗവും അവൻ പ്രവാചകന്മാർ മുഖാന്തരം സംസാരിച്ചു. മോശെ, ഏലിയാവു, യെശയ്യാവ് തുടങ്ങിയ പ്രവാചകന്മാരെ ദൈവം അതിന്നായി ഉപയോഗിച്ചു. എന്നാൽ ഈ അന്ത്യകാലത്തു ദൈവം തന്റെ പുത്രൻ മുഖാന്തരം സംസാരിച്ചു. അതുകൊണ്ടു ദൈവ പുത്രന്റെ കല്പനകളെ തള്ളിക്കളയുന്നവർ സൂക്ഷിക്കണം. ''ഞാൻ എന്തു പറയേണം, എന്തു സംസാരിക്കണം എന്നതു എന്നെ അയച്ച പിതാവിന്റെ കല്പനയാണ്. എന്നെ തള്ളി കളയുന്നവൻ എന്നെ അയച്ചവനെ തള്ളി കളയുന്നു എന്നാണ് കർത്താവു പറഞ്ഞതു.

## യേശുവിന്റെ ഉപദേശത്തെ ദൈവം സമ്മതിച്ചു

ദൈവ പദ്ധതി പ്രകാരമായിരുന്നു യേശു ഈ ഭൂമിയിൽ വന്നതു. ''കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും. അവനു ഇമ്മാനുവേൽ എന്നു പേർ വിളിക്കും.'' (യെശയ്യാവ് 7:14). മററുള്ളവരെല്ലാം വന്നതു ഈ ഭൂമിയിൽ ജീവിക്കുന്നതിനാണെങ്കിൽ യേശു വന്നതു മരിക്കാനായിരുന്നു. ''എങ്കിലും ദൈവ കൃപയാൽ എല്ലാവർക്കും വേണ്ടി മരണം ആസ്വദിപ്പാൻ ദൂതന്മാരിലും അല്പം ഒരു താഴ്ച്ച വന്നവനായ യേശു മരണം അനുഭവിച്ചതുകൊണ്ടു അവനെ മഹത്വവും ബഹുമാനവും അണിഞ്ഞവനായി നാം കാണുന്നു (എബ്രായർ 2:9). മക്കളും ജഡരക്തങ്ങളോടു കൂടിയവർ ആകകൊണ്ടു അവനും അവരെപ്പോലെ ജഡ രക്തങ്ങളോടു കൂടിയവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണ ഭീതിയാൽ അടിമകളായിരുന്നവരെ ഒക്കെയും അവൻ വിടുവിച്ചു (എബ്രായർ 2:14-15).

★

# യേശു- നമ്മുടെ നല്ല ഇടയൻ

തോമസ് ആർ. ഡി.

''ഞാൻ നല്ല ഇടയൻ ആകുന്നു; നല്ല ഇടയൻ ആടുകൾക്കു വേണ്ടി തൻെറ ജീവനെ കൊടുക്കുന്നു; ഞാൻ എനിക്കുള്ളവയെ അറിയുകയും എനിക്കുള്ളവ എന്നെ അറിയുകയും ചെയ്യുന്നു'' (യോഹന്നാൻ 10:11, 14, 15).

ഇടയൻ നയിക്കുവാനില്ലാതെ അലഞ്ഞു തിരിയുന്നവർക്കു വേണ്ടിയാണ് ഇതു. നിങ്ങളുടെ ഇടയൻ ആകുവാൻ ആഗ്രഹിക്കുന്ന ഒരാം ഉണ്ടെന്ന കാര്യം നിങ്ങളെ അറിയിക്കുവാനാണ് ഇതെഴുതുന്നതു: അവൻ തൻെറ കരുതലിൽ നിങ്ങളെ വഴി നടത്തും. അതിനു നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ അവനോടുകൂടെ എന്നേക്കും വസിക്കാൻ കഴിയും. സ്വന്തം ഇഷ്ടത്താൽ കൂട്ടം തെററി പോയവർക്കും കൂടെയാണ് ഇതെഴുതുന്നതു. അവർ ഇപ്പോഴും ഇടയൻ ഇല്ലാതെ അലയുകയാണ്. നിങ്ങൾക്കു സ്വന്ത ജീവൻ അർപ്പിച്ച ഇടയൻെറ ധടത്തിപ്പിനായി നിങ്ങൾ ഏക കൂട്ടത്തിലേക്കു മടങ്ങി വരുവാനാണ് ഞങ്ങൾ അപേക്ഷിക്കുന്നതു. നമുക്കു നമ്മുടെ നല്ല ഇടയനെ ഒന്നു നോക്കാം.

അവൻ പറയുന്നു: ''ഞാൻ എനിക്കുള്ളവയെ അറിയുന്നു; എനിക്കുള്ളവ എന്നെയും അറിയുന്നു; ഞാൻ എൻെറ ജീവൻ ആടുകൾക്കായി കൊടുക്കുന്നു''. അതേ ഭാഗത്തു അവൻ പറയുന്നു: പിതാവു എന്നെ അറികയും ഞാൻ പിതാവിനെ അറികയും ചെയ്യുന്നതുപോലെ: അങ്ങനെയാണ് താൻ തനിക്കുള്ളവയെ അറിയുന്നതു, തനിക്കുള്ളവർ തന്നെ അറിയുന്നതും. അവനുള്ളവരെ അവൻ അറിയുന്നതും അവരുമായി അടുത്ത ബന്ധം പുലർത്തുന്നതും അങ്ങനെയാണ്.

എത്ര സന്തോഷകരമായ സന്ദേശമാണിതു്. ''ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറെ ആളുകൾ എനിക്കു ഉണ്ടു; അവയെയും ഞാൻ നടത്തേണ്ടതാകുന്നു. അവ എന്റെ ശബ്ദം കേൾക്കും ഒരാട്ടിൻ കൂട്ടവും ഒരിടയനും ആകും'' (യോഹന്നാൻ 10:16). ''നിങ്ങൾ എന്റെ അടുക്കൽ വരുവിൻ'' എന്ന വിളി കേട്ടു അവന്റെ അടുക്കൽ വന്ന വേറെ ആടുകളായിരുന്നു നാം. നാം അവന്റെ ശബ്ദം കേട്ട് അനുസരിച്ചതുകൊണ്ടു കൂട്ടത്തിൽ ഉൾപ്പെട്ടു (മത്തായി 11:28). അവയെയും ഞാൻ നടത്തേണ്ടതാകുന്നു എന്നു യേശു തറപ്പിച്ചു പറയുന്നു. ഒരു കൂട്ടവും ഒരിടയനും ആകും എന്നാണ് പറഞ്ഞിരിക്കുന്നതു. ആത്മാക്കളുടെ ഇടയനായ കർത്താവിന്റെ തൊഴുത്തു മനോഹരമാണ്. നല്ല ഇടയന്റെ അടുക്കൽ വരുന്നവൻ ഒരിക്കലും ഒന്നിനും മുട്ടുള്ളവൻ ആകയില്ല (സങ്കീർത്തനം 23:1). അവൻ നമ്മുടെ ആവശ്യങ്ങൾ എല്ലാം നിറവേററും.

## നല്ല ഇടയനായ യേശുവിന്റെ കാലത്തെ സംഭവങ്ങളുടെ ചിത്രം നമുക്കു ഒന്നു പരിശോധിക്കാം

മതിലുകളില്ലാത്ത പാലസ്തീൻ പോലെയുള്ള രാജ്യങ്ങളിൽ ഇടയന്മാരുടെ ജോലി ദുർവ്വഹമാണ്. മേയ്ക്കേണ്ട സ്ഥലത്തേക്കു തൊഴുത്തിൽ നിന്നു അതികാലത്തു ആടുകളെ പുറത്തു കടത്തി അവയ്ക്കു മുൻപായി നടന്നു പോകും. അവിടെ അവൻ പകൽ മുഴുവൻ അവയെ കാത്തുകൊണ്ടിരിക്കും. ഒന്നുപോലും കൂട്ടം തെററാതെ നോക്കും. ഏതെങ്കിലും ഒന്നു കൂട്ടം തെററി പോയാൽ അതിനെ തിരഞ്ഞു കൊണ്ടു വന്നു കൂട്ടത്തിലാക്കും. ആടുകൾക്കു ദിവസവും വെള്ളം കൊടുക്കും. അതിനായി അരുവികളിലേക്കോ കിണർ പോലെയുള്ള ചെറിയ കുഴികൾക്കരികിലേക്കോ കൊണ്ടു പോകും. സന്ധ്യയാകുമ്പോഴേക്കും ആടുകളെ തൊഴുത്തിലേക്കു കൊണ്ടു വരും. തൊഴുത്തിലേക്കു കയറുന്ന ആടുകളെ എണ്ണി ഒന്നും നഷ്ടപ്പെട്ടില്ല

എന്നു ഉറപ്പു വരുത്തും. സൂര്യാസ്തമയം വരെയാണ് ഇടയന്റെ ജോലി. പലപ്പോഴും വന്യ മൃഗങ്ങളിൽ നിന്നു ആടുകളെ സംരക്ഷിക്കേണ്ട ചുമതല കൂടെ ഇടയനുണ്ട്. കള്ളന്മാരിൽ നിന്നും ആടുകളെ സൂക്ഷിക്കുക എന്ന ജോലിയുമുണ്ട് (17 മുതൽ 34 വരെയുള്ള വാക്യങ്ങൾ).

ഇപ്പോൾ നമുക്കു യേശു പറഞ്ഞ കാര്യങ്ങളെ കുറിച്ചു ഒരു ചിത്രം മനസിൽ തെളിഞ്ഞുവല്ലോ. അവൻ പറഞ്ഞതു ''ഞാൻ നല്ല ഇടയനാകുന്നു. എനിക്കുള്ളവ എന്നെ അറിയുന്നു; ഞാൻ എനിക്കുള്ളവയെയും അറിയുന്നു. ഞാൻ ആടുകൾക്കു വേണ്ടി എന്റെ ജീവനെ കൊടുക്കുന്നു. മനുഷ്യരുടെ രക്ഷക്കു വേണ്ടി സ്വന്ത ജീവൻ പോലും നല്കിയ രക്ഷകനാണ് നമുക്കു ഉള്ളതു. നമ്മെ ശത്രുക്കളുടെ ഉപദ്രവങ്ങളിൽ നിന്നും ആക്രമണങ്ങളിൽ നിന്നും രക്ഷിക്കുവാൻ അവൻ ഉണ്ട് എന്നതു പ്രത്യാശ നല്കുന്നു.

കൂട്ടത്തിൽ ഉൾപ്പെടുക; അവന്റെ ശബ്ദം കേൾക്കുക എന്നതു പ്രത്യേകം പ്രാധാന്യം അർഹിക്കുന്നു. അവന്റെ സഭയാണ് വിളിച്ചു വേർതിരിക്കപ്പെട്ടവരുടെ കൂട്ടം. നമ്മെ അവൻ പേർ ചൊല്ലി വിളിക്കും. അവന്റെ ഉപദേശം കേൾപ്പാൻ ആണ് നാം കൂടി വരുന്നതു. ഓരോ ആഴ്ചയിലും അവൻ നമ്മെ കരുതുന്നു എന്ന ഉറപ്പു നാം വീണ്ടും പുതുക്കികൊണ്ടിരിക്കണം. ആത്മീകവും ഭൗതികവുമായ നമ്മുടെ എല്ലാ ആവശ്യങ്ങളും അവൻ തന്നു കൊണ്ടിരിക്കും; ആത്മികമായി പ്രത്യേകിച്ചും. ദുഷ്ടനിൽ നിന്നു നമ്മെ വിടുവിക്കുവാൻ കർത്താവുണ്ടാകും. നാം കൂട്ടം തെററി പോകാതിരിക്കാൻ അവന്റെ കോൽ നമ്മുടെ പുറകിൽ ഉണ്ടാകും. നമ്മുടെ ആവശ്യങ്ങൾക്കനുസരിച്ചു ഏററവും നല്ലതു ഏതെന്നു അവനറിയാം. അതു അവൻ നല്കും (സങ്കീർത്തനങ്ങൾ 23:4).

നമ്മുടെ ആത്മാവിന്റെ രക്ഷ നല്ല ഇടയനിൽ നിക്ഷിപ്തമാണ്: അവൻ നമ്മെ അവന്റെ നീതി പാതകളിൽ

നടത്തും. അവൻ നമുക്കായി ഒരു വഴി ഒരുക്കിയിട്ടുണ്ട്. ആ ഏക വഴിയാണ് സ്വർഗ്ഗത്തിൽ പോകാൻ നമ്മെ സഹായിക്കുന്നതു. ഏക കൂട്ടത്തിൽ അംഗമായി തീരുന്നതിനു അവൻ ഒരു പദ്ധതി ഒരുക്കിയിട്ടുണ്ട്. ആത്മിയമായ സകല അനുഗ്രഹങ്ങളുടേയും ഉറവിടമാണ് കർത്താവ് (സങ്കീർത്തനങ്ങൾ 23:5-6). ഭൗതികമായവയും അവനിൽ നിന്നാണ് ലഭിക്കുന്നതു. നാം കൂട്ടത്തിൽ ആയിരിക്കുന്നേടത്തോളം നാം എന്നേക്കും നല്ല ഇടയനോടുകൂടെ ആയിരിക്കും. അവൻ ശാശ്വതവാസിയാണ്. നല്ല ഇടയന്റെ കരുതലും കാവലും നാം തൊഴുത്തിൽ ആണെങ്കിൽ കിട്ടും. പുറത്താണെങ്കിൽ അകത്തു പ്രവേശിക്കുവാൻ കർത്താവെന്ന വാതിലിൽ കൂടെ പ്രവേശിക്കുക.

അനുഗ്രഹീത രക്ഷകനാണ് നമുക്കു ഉള്ളതു. സ്വന്ത ജീവൻ നമുക്കു വേണ്ടി നല്കിയതായ കർത്താവിനെ നമുക്കു സംശയിക്കാമോ ? ഒരിക്കലുമില്ല. അങ്ങനെയുള്ള ദൈവത്തിൽ വിശ്വസിക്കുവാൻ മടിക്കുന്നതെന്തിനു ? അതും നാം പാപികളായിരുന്നപ്പോഴാണ് എന്നോർക്കുക. അവന്റെ മനസലിവു പ്രകടമാക്കിയതു ഇടയനില്ലാതെ നാം അലഞ്ഞു തിരിഞ്ഞു നടന്നപ്പോഴാണ്. അവൻ നല്ല ഇടയനായി നമുക്കു വേണ്ടി അദ്ധ്വാനിച്ചു. അവന്റെ കരുണയും ദയയും തീർന്നു പോയിട്ടില്ല. അതു രാവിലെ തോറും പുതിയതും അവന്റെ വിശ്വസ്തത വലിയതും ആകുന്നു (വിലാപങ്ങൾ 3;23).

അവൻ വന്നു നമ്മെ നിത്യഭവനത്തിലേക്കു ചേർക്കും. അതിനാണ് വീണ്ടും വരുന്നതു. അവൻ വരുമ്പോൾ അവന്നുള്ളവരെ അവൻ അറിയും. അവർ അവന്റെ ശബ്ദം കേൾക്കും. നാം മരണത്തോളം അവന്റെ സഭയിൽ വിശ്വസ്തമായി ജീവിച്ചാൽ മഹത്വത്തിന്റെ കിരീടം അവൻ നല്കും (1 പത്രൊസ് 5:4).

★

# വാർത്തകൾ

## നാടു കരിയുന്നു; ആവിയാകാത്തത് കർഷകന്റെ കണ്ണീർ

ചുട്ടു പൊള്ളുന്ന വെയിൽ, ശരാശരി ചൂട് 35 ഡിഗ്രി സെൽഷ്യസ്. ചില ദിവസങ്ങളിൽ 36, 37 വരെ ഉയരുന്നു.

ശരാശരി മൂന്നു സെന്റീമീറ്റർ മഴ ലഭിക്കേണ്ട ജനുവരി-ഫെബ്രുവരി മാസങ്ങളിൽ ജില്ലയിലുള്ളവർ മഴമേഘങ്ങളാം കണ്ടതേയില്ല. അന്തരീക്ഷത്തിലെ ഈർപ്പവും കുറഞ്ഞുവരുന്നു. നെടുമങ്ങാട്ടും, വർക്കലയിലും, വിമാനത്താവളത്തിലും ഒന്നോ രണ്ടോ ദിവസം ലഭിച്ച മഴയാണ് കഴിഞ്ഞ അഞ്ചു മാസത്തെ കണക്കിൽ ആകെയുള്ളത്. ആറുകളിൽ വെള്ളത്തിന്റെ അളവ് നന്നേ കുറഞ്ഞു. പേപ്പാറ, നെയ്യാർ ഡാം അണക്കെട്ടുകളിൽ ശേഖരിച്ച വെള്ളം ആവശ്യാനുസരണം വിടുന്നതിനാലാണ് കരമനയാറും നെയ്യാറും വററാത്തത്. ഉറവകൾ പലതും വററിക്കഴിഞ്ഞു. വയലുകൾ വിണ്ടുകീറി. കരിഞ്ഞ ഭൂമിയിലേക്കു നോക്കി കർഷകർ കണ്ണീരൊഴുക്കുന്നു. ഏററവും രൂക്ഷം ശുദ്ധജല ക്ഷാമമാണ്.

അന്നന്നത്തെ അത്താഴത്തിനു വക കാണാതെ കടലു കനിയുന്നതും കാത്തിരിക്കുന്നവർ ഒരു കുടം വെള്ളത്തിനു അഞ്ചു രൂപ നൽകേണ്ടി വരുന്നു. കുടിവെള്ളം വിററു കീശവീർപ്പിക്കുന്നവർ ലക്ഷാധിപരാകുന്നു. നഗരസഭയുടെയും പഞ്ചായത്തുകളുടെയും ജലവിതരണം പതിവുപോലെ പ്രഹസനമാകുമ്പോൾ കുടങ്ങളുമായി സ്ത്രീകൾ കിലോമീററുകൾ നടക്കുന്നു.

# റെയിൽവേ സ്റ്റേഷനിൽ പിഴ പിരിവിന്റെ പേരിൽ തട്ടിപ്പ്

തമ്പാനൂർ റെയിൽവേ സ്റ്റേഷനിൽ അനധികൃതമായി വണ്ടി പാർക്ക് ചെയ്യുന്നവരിൽ നിന്ന് പിഴ ഈടാക്കുന്നതിൽ തട്ടിപ്പ്. ആർ. പി. എഫിലെ ചിലരും റെയിൽവേ ഉദ്യോഗസ്ഥരും ചില അഭിഭാഷകരും ചേർന്നാണ് ആളുകളിൽ നിന്നു പണം പിടുങ്ങുന്നത്.

നോ പാർക്കിങ്ങ് ബോർഡ് ഇല്ലാത്ത സ്ഥലത്ത് ഇരുചക്രവാഹനം വച്ചാലും ആർ. പി. എഫ്. പിടികൂടും. വാഹനം വയ്ക്കുന്ന സമയത്ത് പോലീസുകാർ സ്ഥലത്തുണ്ടെങ്കിലും തടസ്സം പറയില്ല. പാർക്കിങ്ങ് നിരോധിച്ചുകൊണ്ട് ബോർഡ് ഇല്ലാത്തതിനാലും അവിടെ ഡ്യൂട്ടിയിലുള്ള പോലീസുകാർ പാർക്ക് ചെയ്യരുതെന്നു പറയാത്തതു കൊണ്ടും പ്രശ്നമൊന്നുമില്ലെന്നേ വാഹന ഉടമ കരുതൂ. പക്ഷേ തിരിച്ചെത്തിക്കഴിയുമ്പോൾ ആർ. പി. എഫുകാർ പിഴ അടയ്ക്കണമെന്ന് ആവശ്യപ്പെടും. തെററു ചെയ്തിട്ടില്ലെന്നു വാദിച്ചിട്ടൊന്നും കാര്യമില്ല.

നിശ്ചിത ദിവസം റെയിൽവേ സ്റ്റേഷനിൽ മജിസ്ട്രേട്ട് എത്തുമ്പോൾ പിഴയടയ്ക്കണമെന്ന് പറഞ്ഞുവിടുന്നു. വാഹനം ഉടമ നിശ്ചിത ദിവസം വരുമ്പോൾ മജിസ്ട്രേട്ട് ഉണ്ടാവില്ല. പകരം മറെറാരാളെയാകും റെയിൽവേ ഉദ്യോഗസ്ഥർ ചൂണ്ടിക്കാട്ടുക. സാധാരണ വേഷം ധരിച്ച ഒരു അഭിഭാഷകൻ അവിടെ കസേരയിട്ട് ഇരിപ്പുണ്ടാകും. അയാൾ പറയുന്ന തുക നല്കണം. അതിനു രസീതോ മററു രേഖകളോ ഒന്നുമില്ല. പിഴയും അഭിഭാഷകന്റെ കമ്മീഷനും ചേർത്താണു പിരിക്കുന്നത്.

# സ്വന്തം വിധിയുടെ കടിഞ്ഞാൺ ഏന്തുക

സ്വന്തം വിധിയുടെ കടിഞ്ഞാൺ ഏന്താൻ മനുഷ്യനു കഴിയണമെന്നു സദ്ഗുരു ജഗ്ഗി വാസുദേവ് ഉദ്ബോധിപ്പിച്ചു. മനുഷ്യനെന്ന നിലയിൽ പൂർണത കൈവരുമ്പോൾ ദൈവികമായ അംശം താനേ വന്നു കൊള്ളും. ദൈവികത കൂടുകയും മനുഷ്യത്വം കുറയുകയും ചെയ്തതാണ് ഈ കാലഘട്ടത്തിന്റെ ഏറ്റവും വലിയ പ്രത്യേകതയെന്നും ഈഷായോഗ ഫൗണ്ടേഷൻ സ്ഥാപകനായ സദ്ഗുരു ഓർമിപ്പിച്ചു.

ഓരോരുത്തരും സ്വന്തം ഉള്ളിലേക്കു നോക്കണം. അവിടെ ശാന്തിയും സൗന്ദര്യവും കളിയാടുമ്പോൾ എന്തും ചെയ്യാനുള്ള കരുത്തും കൈവരും. സ്വയം സന്തോഷവും സമാധാനവും അനുഭവിച്ചാൽ മാത്രമേ മറ്റുള്ളവർക്ക് അവ പ്രദാനം ചെയ്യാൻ കഴിയൂ. എന്തു നേടിയാലും മനുഷ്യർക്കു മതിവരുന്നില്ല. കേവലമായ നിലനിൽപ്പാണു ലക്ഷ്യമെങ്കിൽ ഇന്ദ്രിയാനുഭവങ്ങൾ മാത്രം മതി. മനസ്സിന്റെ നിയന്ത്രണത്തിലൂടെ നേടുന്ന ശക്തിയെ തിരിച്ചറിയണം. സൽക്കർമത്തിന്റെ അനന്തമായ സാധ്യതകൾ തിരിച്ചറിയാനും ഇത് അനിവാര്യമാണ്.

കുട്ടിക്കാലത്ത് പ്രത്യേകിച്ചൊന്നും ചെയ്യാതെ മനുഷ്യൻ സന്തോഷം അനുഭവിക്കുന്നു. വളർന്നുകഴിയുമ്പോൾ എന്തൊക്കെ ചെയ്താലും ശാശ്വതമായ സന്തോഷം ലഭിക്കുന്നില്ല. ഭൗതികസൗകര്യങ്ങൾ വർധിച്ചെങ്കിലും ഉള്ളിലെ ശാന്തത കുറയുകയാണു ചെയ്തത്. നിത്യജീവിതത്തിൽ നാം ചെയ്യാനുള്ളതു ചെയ്യണം. സ്വർഗത്തിലൂടെ അതു സാധിച്ചെടുക്കാൻ ശ്രമിക്കരുത്.

## മതികെട്ടാനിൽ വീണ്ടും കയ്യേററം

മതികെട്ടാൻ വനഭൂമിയിൽ വീണ്ടും കയ്യേററം. ദേശീയയോദ്യാനമായി പ്രഖ്യാപിച്ചു വനംവകുപ്പിനു വിട്ടുകൊടുത്ത ഇവിടെ ഇഞ്ചവന നീർച്ചോലകളാണ് കയ്യേറിയിരിക്കുന്നത്. പൂപ്പാറയിലേയ്ക്കെത്തുന്ന തോട്ടിലും കൈത്തോടുകളിലും തടയണ നിർമിച്ച് കനാൽവഴി വെള്ളം തമിഴ്നാടിനു കടത്താൻ നേതൃത്വം കൊടുക്കുന്നത് ഒരു ബി. ജെ. പി. നേതാവാണ്.

ഇടതൂർന്ന കാടിന്റെ ഉൾഭാഗത്തു ചെക്ക് ഡാമിൽ നിന്നു വെള്ളം കൊണ്ടുപോകാനായി വലിയ രണ്ടു കാനകൾ തീർത്തുകഴിഞ്ഞു. ഇതിനായി അഞ്ചുകിലോ മീററിലധികം ദൂരത്തിൽ 15 മീററർ വീതിയിൽ കാടു നശിപ്പിച്ചിട്ടുണ്ട്. അടിക്കാടുകൾ വെട്ടിമാററിയതു കൂടാതെ വൻവൃക്ഷങ്ങളും മുറിച്ചുമാററി തീയിട്ടിട്ടുണ്ട്. കാനയിൽ വലിയ പൈപ്പുകളിട്ടു വെള്ളം കൊണ്ടുപോകാനാണ് ശ്രമം.

ചെക്ക്ഡാം നിർമിക്കാനാവശ്യമായ കല്ലു പൊട്ടിച്ചെടുത്തിരിക്കുന്നതും ഈ നീർച്ചോലകൾക്കു സമീപത്തു നിന്നുതന്നെയാണ്. പാറ തുരന്നു കമ്പിയിട്ട് കോൺക്രീററ് ചെയ്തു ഡാം നിർമിക്കുന്നതിനുള്ള പ്രാരംഭപണികൾ കയ്യേററക്കാർ തുടങ്ങിക്കഴിഞ്ഞു. തമിഴ്നാട്ടിൽ നിന്നെത്തിയ നൂറോളം തൊഴിലാളികൾ ഒരുമാസം കൊണ്ടാണ് ഇതുവരെയുള്ള പണികൾ തീർത്തിരിക്കുന്നത്. ഡാം നിർമാണം പൂർത്തിയായാൽ 25 ഏക്കറോളം ചോലവനം വെള്ളത്തിനടിയിലാകും.

*

# ദൈവരാജ്യത്തോടു അകന്നവനല്ല

ജോ. ഈ. ജി.

ശാസ്ത്രിമാരിൽ ഒരാൾ യേശുവിന്റെ ചോദ്യങ്ങൾക്കു ബുദ്ധിയോടെ മറുപടി കൊടുത്തതുകൊണ്ടു കർത്താവു അവനോടു: "നീ ദൈവ രാജ്യത്തിന്നു അകന്നവനല്ല" എന്നു പറഞ്ഞു (മർക്കൊസ് 12:34). ഉത്തരവാദിത്വമുള്ള ആളുകൾ എല്ലാവരും ഒന്നുകിൽ രാജ്യത്തിൽ അല്ലെങ്കിൽ രാജ്യത്തിനു പുറത്താണ്. പുറത്തുള്ളവരിൽ തന്നെ അനേകർ ദൈവരാജ്യത്തിനു വളരെ അകന്നു കഴിയുന്നവരാണ്. ഈ വ്യക്തികളിൽ പ്രകടമായ സ്വഭാവ മാററവും ഉപദേശം ശരിക്കു കേൾക്കുകയും ചെയ്യുന്നതു സംഭവിച്ചാലും മാത്രമെ അവർ അടുക്കുകയുള്ളു. എന്നാൽ ചിലർ ഈ ശാസ്ത്രിയെ പോലെ ദൈവ രാജ്യത്തോടു അകന്നവരല്ലാത്തവരായിട്ടുണ്ട്. ഒരുപക്ഷെ അവർക്കു ചെറിയ പ്രോത്സാഹനവും ഉപദേശവും നമ്മുടെ ഭാഗത്തു നിന്നുണ്ടായാൽ അവർ രക്ഷിക്കപ്പെടുകയും ദൈവരാജ്യത്തിൽ പ്രവേശിക്കയും ചെയ്യും.

## ങ്ങനെ ഒരാൾ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നു ?

ദൈവരാജ്യത്തിലാകുക എന്നാൽ സഭയിലാകുക എന്നാണർത്ഥം (മത്തായി 16:18-19). ആകയാൽ അതു ക്രിസ്തുവിലായി തീരുക, ക്രിസ്തുവിന്റെ ശരീരത്തിലാകുക എന്നു പറയുന്നതു പോലെയാണ് (എഫെസ്യർ 1:22-23). ഈ പ്രയോഗങ്ങളെല്ലാം ദൈവ സന്നിധിയിൽ സ്വീകാര്യമായ രക്ഷിക്കപ്പെടുന്നതിനു തുല്യമാണ്.

യേശു പറഞ്ഞു, "വിശ്വസിക്കയും സ്നാനമേല്ക്കുകയും ചെയ്യുന്നവൻ രക്ഷ പ്രാപിക്കും" (മർക്കൊസ് 16:16). അങ്ങനെ ചെയ്ത ആളുകളെയാണ് കർത്താവു ര

ക്ഷിച്ചു തൻെറ സഭയോടു ചേർത്തുകൊണ്ടിരുന്നതു (പ്രവൃത്തി 2:47). ഈ സ്നാനമാണ് ഒരാളെ ക്രിസ്തുവിലാക്കുന്നതു (റോമർ 6:3; ഗലാത്യർ 3:27). ഏക ശരീരത്തോടു ചേരുന്നതും ഇങ്ങനെയാണ് (1 കൊരിന്ത്യർ 12:13). രാജ്യവും സഭയും ഒന്നാകയാൽ, ശരീരത്തിലാകുന്നതു രക്ഷിക്കപ്പെട്ടവരാകകൊണ്ടു നമുക്കു, വിശ്വാസവും മാനസാന്തരവും സ്നാനവും ദൈവരാജ്യത്തിനു പുറത്തുള്ള ഒരാളെ രാജ്യത്തിലാക്കി തീർക്കുന്നു എന്നു തീർത്തു പറയാം.

എങ്ങനെ ഒരാൾ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നു എന്നു യേശു നിക്കോദേമോസിനോടു പറഞ്ഞ പ്രസ്താവന തെളിയിക്കുന്നു. അതിനോടു നാം മുൻപറഞ്ഞ കാര്യം യോജിക്കുന്നു. ''വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാൺമാൻ ആർക്കും സാദ്ധ്യമല്ല'' എന്നാണ് യേശു പറഞ്ഞതു (യോഹന്നാൻ 3:5). ഭൗതികമായ ജനനത്തിൽ പുരുഷനും സ്ത്രീയും തമ്മിലുള്ള ബന്ധം പ്രേരകമായി തീരുന്നു. ആത്മീയ ജനനങ്ങൾക്കു പരിശുദ്ധാത്മാവും വചനവും വേണം. യാക്കോബ് പറയുന്നതു: ''അവൻെറ സൃഷ്ടികളിൽ ഒരുവിധം ആദ്യഫലമാകേണ്ടതിനു അവൻ തൻെറ ഇഷ്ടം ഹേതുവായി സത്യത്തിൻെറ വചനത്താൽ നമ്മെ ജനിപ്പിച്ചിരിക്കുന്നു'' എന്നാണ് (യാക്കോബ് 1:18). സ്നാനമേററു വെള്ളത്തിൽ നിന്നു കയറി വരുന്ന ഒരാൾ ജീവൻെറ പുതുക്കത്തിൽ നടക്കേണ്ടതിനാണ് എഴുന്നേല്ക്കുന്നതു (റോമർ 6:4). അപ്പോൾ വെള്ളത്താലും ആത്മാവിനാലും ജനിക്കുക എന്നാൽ വിശ്വസിക്കയും സ്നാനമേല്ക്കുകയും ചെയ്യുക എന്നാണ്. അതു തന്നെയാണ് മാനസാന്തരപ്പെട്ടു സ്നാനമേല്ക്കുക എന്നു പറയുന്നതും.

## ദൈവരാജ്യത്തിനു അടുത്തിരിക്കുന്നവർ

ദൈവരാജ്യത്തോടു അകന്നിരിക്കാത്തവരും ദൈവരാജ്യത്തിലായി തീരാത്തവരും ആരാണ്? അവർ ആരാണെ

ന്നു അറിഞ്ഞാൽ നമുക്കു അവരെ പഠിപ്പിച്ച് കഴിഞ്ഞാൽ അവർ രക്ഷിക്കപ്പെടുകയും ദൈവരാജ്യത്തിൽ പ്രവേശിക്കയും ചെയ്യും.

1. ഹൃദയത്തിൽ സത്യസന്ധതയുള്ള ദൈവരാജ്യത്തോടു അകലെയല്ലാതെ കഴിയുന്നവർ. മണ്ണിന്റെ ഉപമയിൽ യേശു നല്ല മണ്ണിന്റെ സ്ഥിതിയെ വിവരിക്കുന്നുണ്ട്. ''നല്ല മണ്ണിലുള്ളതോ വചനം കേട്ടു ഗുണമുള്ള നല്ല ഹൃദയത്തിൽ സംഗ്രഹിച്ചു ക്ഷമയോടെ ഫലം കൊടുക്കുന്നവർ തന്നേ'' (ലൂക്കൊസ് 8:15). പട്ടിണി കിടക്കുന്ന മനുഷ്യർ ആഹാരത്തിനായി ആർത്തി കാണിക്കുന്നതു പോലെ ആത്മിയ ദാരിദ്ര്യത്തിലുള്ളവർ സത്യത്തെ അന്വേഷിച്ച് സ്നേഹിച്ച് കണ്ടെത്തും. മുൻപെ അവന്റെ രാജ്യവും നീതിയും അന്വേഷിക്കുന്നവർ ഇങ്ങനെയുള്ളവരാണ് (മത്തായി 5:6). കൊർന്നെല്യോസ് ദൈവരാജ്യത്തോടു അകന്നവനായിരുന്നില്ല. അവൻ സത്യം കേട്ട ഉടനെ സുവിശേഷം അനുസരിച്ചു (പ്രവൃത്തി 10:33). അത്തരം മനോഭാവമുള്ളവർ പരിവർത്തനം ചെയ്യുമ്പോൾ വളരെ പ്രയോജനം ചെയ്യും.

2. അട്ടിസ്ഥാനപരമായി നല്ല ആളുകളെ സാധാരണ പഠിപ്പിക്കാൻ എളുപ്പമാണ്. കൊർന്നെല്യോസിനെ കുറിച്ച്, അവന്റെ പരിവർത്തനത്തിനു മുൻപു തന്നെ അവൻ ദൈവ ഭക്തനായിരുന്നു, ദൈവത്തെ ഭയപ്പെടുന്നവനായിരുന്നു. ധാരാളം ധർമ്മം കൊടുക്കുന്നവനും എപ്പോഴും പ്രാർത്ഥിക്കുന്നവനും ആയിരുന്നു (പ്രവൃത്തി 10:2). സ്വന്തം നന്മയിൽ ആശ്രയിച്ചു ദൈവത്തിന്റെ രക്ഷ ആവശ്യമാണെന്ന ചിന്ത വിട്ടു കളയുന്നവർ ഉണ്ട്. ''അവർ ദൈവത്തിന്റെ നീതി അറിയാതെ സ്വന്ത നീതി സ്ഥാപിപ്പാൻ അന്വേഷിച്ചുകൊണ്ടു ദൈവത്തിന്റെ നീതിക്കു കീഴ്പ്പെട്ടില്ല'' എന്നു പൗലൊസ് എഴുതി (റോമർ 10:3).

3. യഥാർത്ഥ താഴ്മയുള്ള വ്യക്തി ദൈവരാജ്യത്തോടു അകന്നവനല്ല. അവൻ തന്റെ അയോഗ്യത തിരിച്ചറിഞ്ഞു ദൈവത്തിനു കീഴ്പ്പെടുന്നു. എന്നാൽ സ്വയം തൃപ്തനായി താൻ ആകേണ്ടതു ആയി കഴിഞ്ഞു എന്ന തോന്നലുള്ള ആരും ദൈവരാജ്യത്തിൽ തല്പരനായിരിക്കയില്ല. "ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ ദൈവ രാജ്യം അവർക്കുള്ളതു എന്നാണ് കർത്താവു പറഞ്ഞതു (മത്തായി 5:3). തങ്ങളെത്തന്നെ സ്വയം ഉയർത്താതിരിക്കുന്ന അവസ്ഥയാണ് ആത്മാവിൽ ദരിദ്രമായ അവസ്ഥ. "ഉന്നതനും ഉയർന്നിരിക്കുന്നവനും ശാശ്വതവാസിയും പരിശുദ്ധൻ എന്നു നാമമുള്ളവൻ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ ഉന്നതനും പരിശുദ്ധനുമായി വസിക്കുന്നു, താഴ്മയുള്ളവരുടെ മനസ്സിന്നും മനസ്താപമുള്ളവരുടെ ഹൃദയത്തിനും ചൈതന്യം വരുത്തുവാൻ മനസ്തപരും മനോവിനയവുമുള്ളവരോടു കൂടെയും വസിക്കുന്നു" (യെശയ്യാവ് 57:15).

## "അടുത്തു" ആയാൽ മാത്രം പോരാ !

ഒരു ഗെയിമിൽ പങ്കെടുക്കുന്നയാളും പന്തുകളിയിൽ ഏർപ്പെടുന്നയാളും വിജയ രേഖയുടേയോ ഗോളം വലയത്തിന്റെയോ അടുത്തു എത്തി എന്നു പറഞ്ഞാൽ മതിയോ ? പോരാ എന്നു നമുക്കെല്ലാവർക്കും അറിയാം. ലെവൽ ക്രോസ് കടക്കുന്ന ഒരു കാർ അടുത്തെത്തിയാൽ മതിയോ ? പോരാ എന്നു നമുക്കറിയാം. അതുപോലെ തന്നെ ആളുകൾ ദൈവരാജ്യത്തിനടുത്തെത്തിയാൽ മാത്രം പോരാ. ന്യായവിധിയും ലോകാവസാനവും കർത്താവിന്റെ വരവും ഏതു സമയവും ഉണ്ടാകാം.

# ബൈബിൾ പഠനത്തിൽ നിന്നുള്ള പാഠങ്ങൾ

ജോണി രാംസെ

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

ആത്മീയമായ എല്ലാ മേഖലകളിലും ഉയർച്ചക്കുള്ള പ്രായോഗിക നിർദ്ദേശം ബൈബിളിൽ കാണാം. വിശ്വാസ ത്യാഗം സംഭവിക്കുന്നതിന്റെ ഒരു കാരണം ബൈബിൾ പഠനം ഉപേക്ഷിക്കുന്നതാണ്. നാം വിശുദ്ധ ഗ്രന്ഥം തുറക്കുവാൻ സമയം കണ്ടെത്താതിരിക്കുമ്പോൾ നാം ലോകത്തിലേക്കു ഒരു വലിയ പടി ഇറങ്ങുകയാണ്. നമുക്കു വേണ്ടി മററാർക്കും ബൈബിൾ വായിക്കുവാനോ പഠിക്കുവാനോ സാദ്ധ്യമല്ല. ദൈവ പരിജ്ഞാന പാതയിൽ നടക്കാതെ നമ്മുടെ ആത്മാർത്ഥതയും സ്ഥിരതയും വളർത്തി എടുക്കാൻ സാദ്ധ്യമല്ല.

ദുഃഖകരമെന്നു പറയട്ടെ, ചിലർ വിചാരിക്കുന്നതു അവർ മുൻകാലങ്ങളിൽ പഠിച്ചതു മതി എന്നാണ്. അങ്ങനെ അവർ ദൈവത്തിന്റെ വെളിപ്പാടിന്റെ മർമ്മമോ പൂർണ്ണമായ അറിവോ നേടുന്നില്ല; തൽഫലമായി വിശ്വാസം നഷ്ടപ്പെടുന്നു. മുൻകാല അനുഭവം ഒരു സഹായി ആകാം. പക്ഷെ അതു മാത്രം മതി എന്നതു അപകടം വരുത്തും. അജ്ഞത ദൂരീകരിക്കാൻ പഠനം കൂടിയേതീരു.

## സന്തോഷം പണം കൊടുത്തു വാങ്ങാവുന്നതല്ല

ബൈബിളിൽ ഒരററം മുതൽ മറെറ അററം വരെ വ്യക്തമായി പറഞ്ഞിരിക്കുന്നതു തികച്ചും ഉയർന്ന വിലയുള്ള സ്വത്തു തന്നെ. ഈ ലോകത്തുള്ള സമ്പത്തെല്ലാം മായയും വൃഥാ പ്രയത്നവുമത്രെ (സഭാപ്രസംഗി 6:9). നിശ്ചയമില്ലാത്ത ലോകത്തുള്ളവയിൽ ആശ്രയിക്കുന്നതു മൗഢ്യ

മാണെന്നു ലൂക്കൊസ് 12-ാം അദ്ധ്യായത്തിൽ നാം വായിക്കുന്നുണ്ട്. "ഈ ലോകത്തിലെ ധനവാന്മാരോടു ഉന്നതഭാവം കൂടാതെ ഇരിപ്പാനും നിശ്ചയമില്ലാത്ത ധനത്തിലല്ല, നമുക്കു സകലവും ധാരാളമായി അനുഭവിപ്പാൻ തരുന്ന ദൈവത്തിൽ ആശ വെപ്പാനും നന്മ ചെയ്‌വാനും സൽപ്രവൃത്തികളിൽ സമ്പന്നരായി ദാനശീലരും ഔദാര്യമുള്ളവരുമായി സാക്ഷാലുള്ള ജീവനെ പിടിച്ചുകൊള്ളണം" (1 തിമൊഥെയൊസ് 6:17-18).

ഈ ലോകത്തിലെ എന്തു നേടിയാലും നമുക്കു സ്ഥിരമായി സന്തോഷിക്കാൻ പററുകയില്ല. എന്നാൽ ആത്മിയ സമ്പാദ്യം നേടിയാൽ മാത്രം അതു ആർക്കും മോഷ്ടിക്കുവാൻ സാദ്ധ്യമല്ല. "പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചു കൊൾവിൻ" (മത്തായി 6:19-20). ദൈവത്തോടു കൂടെ നടക്കുമ്പോഴും ദൈവത്തെ പ്രസാദിപ്പിക്കുമ്പോഴും ആണ് നമുക്കു സന്തോഷം കിട്ടുന്നതു. അല്ലാതെ ശാശ്വതമായ സന്തോഷത്തിനു മാർഗ്ഗമില്ല. പരീക്ഷണം വരാം. അതു നമ്മുടെ നന്മക്കാണ്.

*

# സത്യം പറയുവാൻ

## ഡേവിഡ് തർമാൻ

സത്യസന്ധത പ്രാധാന്യമർഹിക്കുവാൻ കാരണം എന്താണ്? എല്ലാവരും കള്ളം പറയുന്നതിലേക്കു നമ്മുടെ ലോകം മാറിയിരിക്കുന്നു. സത്യസന്ധതക്കു അല്പം മൂല്യമേ നമ്മുടെ സംസ്കാരം കൊടുക്കുന്നുള്ളു. നമ്മുടെ സമൂഹം വിചാരിക്കുന്നതു സത്യസന്ധതയില്ലായ്മ ജീവിതത്തിന്റെ ഭാഗമാണ് എന്നാണ്. സത്യസന്ധത പ്ര

ധാനപ്പെട്ടതായിരുന്നു. ഇപ്പോഴും അതു ശക്തം തന്നെയാണ്.

യേശുവിന്റെ ജീവിതം ഇതു തെളിയിക്കുന്നു. യേശു, തന്റെ സഞ്ചാരത്തിൽ കടന്നു പോയപ്പോഴെല്ലാം ഭോഷ്ക്കു അഭിമുഖീകരിക്കയുണ്ടായി. അതിനു അവൻ സത്യമായി മറുപടി കൊടുത്തു. അവൻ സത്യം പറയുവാൻ ധൈര്യപ്പെട്ടതുകൊണ്ടു അന്നത്തെ ലോകം അവനെ ക്രൂശിൽ തറെച്ചുകൊന്നു. അവന്റെ ശത്രുക്കളും അവന്റെ ഒരു സ്നേഹിതനും നുണ പറഞ്ഞു. യേശു സത്യത്തിനു വേണ്ടി നിലകൊണ്ടു മരിച്ചു.

“യേശുവിനെ പിടിച്ചവരോ മഹാപുരോഹിതനായ കയ്യഫാവുടെ അടുക്കൽ ശാസ്ത്രിമാരും മൂപ്പന്മാരും ഒന്നിച്ചു കൂടിയിരുന്നേടത്തു അവനെ കൊണ്ടുപോയി. എന്നാൽ പത്രൊസ് ദൂരവെ മഹാപുരോഹിതന്റെ അരമനയോളം പിൻചെന്നു. അകത്തു കടന്നു അവസാനം കാൺമാൻ സേവകന്മാരോടുകൂടി ഇരുന്നു. മഹാപുരോഹിതനും ന്യായാധിപസംഘം ഒക്കെയും യേശുവിനെ കൊല്ലേണ്ടതിന്നു അവന്റെ നേരെ കള്ളസാക്ഷ്യം അന്വേഷിച്ചു; കള്ള സാക്ഷികൾ പലരും വന്നിട്ടും പറ്റിയില്ല. ഒടുവിൽ രണ്ടുപേർ വന്നു; ദൈവ മന്ദിരം പൊളിച്ചു മൂന്നു ദിവസം കൊണ്ടു വീണ്ടും പണിവാൻ എനിക്കു കഴിയും എന്നു അവൻ പറഞ്ഞു എന്നു ബോധിപ്പിച്ചു. മഹാപുരോഹിതൻ എഴുന്നേറ്റു അവനോടു: നീ ഒരു ഉത്തരവും പറയുന്നില്ലയോ ? ഇവർ നിന്റെ നേരെ സാക്ഷ്യം പറയുന്നതു എന്തു എന്നു ചോദിച്ചു. യേശുവോ മിണ്ടാതിരുന്നു. മഹാപുരോഹിതൻ പിന്നെയും അവനോടു: നീ ദൈവ പുത്രനായ ക്രിസ്തു തന്നെയോ ? പറക എന്നു ഞാൻ ജീവനുള്ള ദൈവത്തെക്കൊണ്ടു നിന്നോടു ആണയിട്ടു ചോദിക്കുന്നു എന്നു പറഞ്ഞു” (മത്തായി 26:57-63).

യേശു അവനോടു: ഞാൻ ആകുന്നു; ഇനി മനുഷ്യ

പുത്രൻ സർവ്വ ശക്തന്റെ വലത്തു ഭാഗത്തു ഇരിക്കുന്നതും ആകാശമേഘങ്ങളെ വാഹനമാക്കി വരുന്നതും നിങ്ങൾ കാണും എന്നു ഞാൻ പറയുന്നു എന്നു പറഞ്ഞു. ഉടനെ മഹാപുരോഹിതൻ വസ്ത്രം കീറി; ഇവൻ ദൈവദൂഷണം പറഞ്ഞു; ഇനി സാക്ഷികളെക്കൊണ്ടു നമുക്കു എന്തു ആവശ്യം ? നിങ്ങൾ ഇപ്പോൾ ദൈവ ദൂഷണം കേട്ടുവല്ലോ; നിങ്ങൾക്കു എന്തു തോന്നുന്നു എന്നു ചോദിച്ചതിന്നു അവൻ മരണയോഗ്യൻ എന്നു അവർ ഉത്തരം പറഞ്ഞു. അപ്പോൾ അവർ അവന്റെ മുഖത്തു തുപ്പി; അവനെ മുഷ്ടി ചുരുട്ടി കുത്തി, ചിലർ അവനെ കന്നത്തടിച്ചു, ഹേ ക്രിസ്തുവേ നിന്നെ തല്ലിയതു ആർ എന്നു ഞങ്ങളോടു പ്രസ്താവിക്ക എന്നു പറഞ്ഞു (മത്തായി 27:64-68).

എന്നാൽ പത്രൊസ് പുറത്തു നടുമുറ്റത്തു ഇരുന്നു. അവന്റെ അടുക്കൽ ഒരു വേലക്കാരത്തി വന്നു. നീയും ഗലീലക്കാരനായ യേശുവിനോടു കൂടെ ആയിരുന്നുവല്ലോ എന്നു പറഞ്ഞു. അതിന്നു അവൻ നീ പറയുന്നതു എനിക്കു തിരിയുന്നില്ല എന്നു എല്ലാവരും കേൾക്കെ തള്ളിപ്പറഞ്ഞു. പിന്നെ അവൻ പടിപ്പുരയിലേക്കു പുറപ്പെടുമ്പോൾ മറെറാരുത്തി അവനെ കണ്ടു അവിടെയുള്ളവരോടു: ഇവനും നസറായനായ യേശുവിനോടു കൂടെയായിരുന്നു എന്നു പറഞ്ഞു. ആ മനുഷ്യനെ ഞാൻ അറിയുന്നില്ല എന്നു അവൻ രണ്ടാമതും ആണയോടെ തള്ളിപ്പറഞ്ഞു. അല്പനേരം കഴിഞ്ഞിട്ടു അവിടെ നിന്നവർ അടുത്തു വന്നു പത്രൊസിനോടു: നീയും അവരുടെ കൂട്ടത്തിൽ ഉള്ളവൻ സത്യം; നിന്റെ ഉച്ചാരണവും നിന്നെ വെളിവാക്കുന്നുവല്ലോ എന്നു പറഞ്ഞു.

(ശേഷം അടുത്ത ലക്കത്തിൽ)

★

# ബൈബിൾ യഥാർത്ഥമോ ?

## ഫർമാൻ കേർലേ

ധാർമ്മികമായും, നീതിശാസ്ത്ര പരമായും ആധികാരികമായ ഒരു നിലവാരം എല്ലാവരും അംഗീകരിക്കാത്തതുകൊണ്ടു നമ്മുടെ സമൂഹത്തിൽ കലക്കമുണ്ടായിട്ടുണ്ട്. അടുത്ത സമയത്തു വർത്തമാന പത്രത്തിൽ വന്ന ഒരു വിവരണം പറയുന്നതു 1970-ൽ 15 വയസിൽ താഴെയുള്ളവരിൽ 10 ശതമാനത്തോളമേ ലൈംഗിക ബന്ധം പുലർത്തിയിരുന്നുള്ളു എന്നും 1999-ൽ ഇതു 40 ശതമാനമായി ഉയർന്നു എന്നും റിപ്പോർട്ടു പറയുന്നു. ഇതിൽ രോഗികളായി മാറിയവരും പലരുണ്ട്. വിവാഹബന്ധത്തിനപ്പുറമായി ലൈംഗികബന്ധം പുലർത്തുന്നതു തെററാണെന്നിരിക്കെ അതു അവഗണിച്ചു എയിഡ്സ് തുടങ്ങിയ വിവിധ തരക്ക് രോഗങ്ങൾക്കിരയായി തീരുകയും ചെയ്യുന്നു. വേദനയും മരണവുമുണ്ടാക്കുന്ന രോഗങ്ങൾ ഈ അധാർമ്മിക ജീവിതം നിമിത്തം ഉണ്ടാകുന്നതാണ്.

നമ്മെല്ലാവരും തിരിച്ചറിഞ്ഞു ബഹുമാനിച്ചു അനുസരിക്കേണ്ടതായ ഒരു പരമാധികാരം അന്തിമമായിട്ടുണ്ട്. നമ്മുടെ ധാർമ്മികവും ആത്മികവുമായ ജീവിതത്തിനു ആവശ്യമായ നിർദ്ദേശങ്ങൾ നമ്മുടെ സൃഷ്ടികർത്താവു നമുക്കായി നല്കിയിട്ടുണ്ട്. നാം ദൈവത്തെ പ്രസാദിപ്പിക്കുന്നതിനും രക്ഷ പ്രാപിക്കുന്നതിനും വേണ്ടി ഉള്ളതാണ് അതു. നിർഭാഗ്യവശാൽ അവന്റെ സൃഷ്ടികളിൽ കൂടുതലും ദൈവത്തിന്റെ കല്പനകളും ഉപദേശങ്ങളും അവഗണിച്ചു, തള്ളിക്കളഞ്ഞു അവന്റെ അധികാരത്തെ പിൻപററാതെയാണിരിക്കുന്നതു.

ബൈബിൾ ദൈവ വചനമാണ്. അതിലുള്ള കല്പനകൾ നാം പ്രമാണിക്കേണ്ടതിനുള്ളതാണ്. അതിൽ നല്

കിയിരിക്കുന്ന വാഗ്ദാനങ്ങൾ ലഭിക്കണമെങ്കിൽ നാം അതു അനുസരിക്കണം. നമ്മുടെ ജീവിതം ക്രമപ്പെടുത്തുവാൻ ദൈവ നിർദേശങ്ങൾ നാം ഉൾക്കൊള്ളണം.

ബൈബിൾ ദൈവശ്വാസീയമാണെന്നും സത്യമാണെന്നും അനേക തെളിവുകളാൽ തെളിയിക്കപ്പെട്ടതുമാണ്. ശാസ്ത്രീയമായി അതു യഥാർത്ഥമാണ്. ആധുനിക ശാസ്ത്ര കണ്ടുപിടിത്തങ്ങൾ എല്ലാം ബൈബിൾ സത്യമാണെന്നു ഉറപ്പിക്കുന്നു, സമുദ്രത്തിൽ മാർഗ്ഗമുണ്ടെന്നു സങ്കീർത്തനങ്ങൾ 8:4-ൽ പണ്ടുതന്നെ പറഞ്ഞിരിക്കുന്നു. ലോകമഹായുദ്ധം നടക്കുന്നതുവരെ നാവികന്മാർക്കും കപ്പിത്താൻമാർക്കും ഇതറിഞ്ഞുകൂടായിരുന്നു. വില്ല്യം ഫൺഡെയിൽമറി എന്ന നാവിക വിദഗ്ദനാണ് ഇതു കണ്ടെത്തി രേഖയാക്കിയതു. അതിനുശേഷം ആ മാർഗ്ഗരേഖ യാത്രക്കായി അവർ സ്വീകരിക്കുന്നു. ദാവീദ് ദൈവശ്വാസീയമായി ഇതു മൂവായിരം വർഷങ്ങൾക്കു മുൻപുതന്നെ രേഖപ്പെടുത്തിയിരുന്നു എന്നതാണ് സത്യം.

ചരിത്രത്തെ സംബന്ധിച്ചും അസാധാരണമായ കൃത്യത പുലർത്തുന്നതു ബൈബിളിലാണ്. വിമർശകർ ബൈബിളിൽ തെറ്റുകൾ ഉണ്ടെന്നു സ്ഥാപിക്കാൻ ശ്രമിക്കാറുണ്ട്. അതിൽ അവർക്കു വിജയിക്കാൻ കഴിഞ്ഞിട്ടില്ല. കാരണം ചരിത്രം ബൈബിൾ സത്യമാണെന്നു എല്ലാ കാലത്തും തെളിയിച്ചുകൊണ്ടിരിക്കയാണ്.

കഴിഞ്ഞ നൂറ്റാണ്ടിലെ സ്വാതന്ത്ര്യ ദാഹികൾ വിചാരിച്ചതു ബൈബിളിൽ പ്രതിപാദിച്ചിരിക്കുന്ന ഹിത്യർ എന്ന ദേശക്കാർ ഒരിക്കലും ജീവിച്ചിരുന്നില്ല എന്നാണ്. എന്നാൽ 1906-ൽ ഫൂഗോവിൻഗ്ളർ എന്ന ചരിത്ര ഗവേഷകൻ ഹിത്യ ഭാഷയിൽ എഴുതപ്പെട്ട പതിനായിരത്തിലധികം ചെറു പലകകൾ കണ്ടെടുത്തു. ബി.സി. 1500 മുതൽ 1100 വരെയുള്ള ഹിത്യ രാജ്യത്തിന്റെയും അവർ മിസ്രയീം, ബാബേൽ തുടങ്ങിയ രാജ്യങ്ങളുമായി യുദ്ധം ചെ

യ്തതുമായ വിവരങ്ങൾ അതിൽ എഴുതിയിരുന്നു. അതിന്റെ വ്യാഖ്യാനം സൂക്ഷ്മമായി തർജ്ജിമ ചെയ്യപ്പെട്ടു. അതുകൊണ്ടു ഹിത്യരെക്കുറിച്ചും പ്രത്യേകമായി ബൈബിളിൽ പറഞ്ഞ കാര്യങ്ങടെ കുറിച്ചും സംശയിക്കേണ്ട കാര്യമില്ല. അതെല്ലാം യഥാർത്ഥമെന്നു തെളിയിച്ചിരിക്കുന്നു.

അതുപോലെ തന്നെ വിമർശകർ കഴിഞ്ഞ നൂററാണ്ടിൽ എടുത്തു കാണിച്ചിരുന്ന ഒരു കാര്യം ബാബേൽ രാജ്യം ബെൽശസർ വാണിരുന്നില്ല എന്നാണ്. എങ്ങനെയായാലും ഭൂഗർഭ ഗവേഷകന്മാർ ബാബേലിൽ നടത്തിയ പരീക്ഷണത്തിനൊടുവിൽ അവരുടെ രാജാക്കന്മാരെ കുറിച്ചും അവർക്കു യഹൂദയുമായുണ്ടായിരുന്ന ബന്ധത്തെ കുറിച്ചും വിവരങ്ങൾ ലഭിച്ചു. അതു ബൈബിൾ സത്യമാണെന്നു ഉറപ്പിക്കുന്നു. ബാബേലിൽ ബെൽശസർ അവന്റെ അപ്പനായ നെബോണീററസിനു പകരമായി വാണിരുന്നു എന്നും ആ സമയത്താണ് ബാബേൽ പാർസികൾക്കു കീഴടങ്ങിയതെന്നും വ്യക്തമായി. അവൻ ആ രാജ്യത്തിൽ മൂന്നാമത്തെ രാജാവായിരുന്നു.

വിമർശകർ ബൈബിളിൽ തെററുണ്ടെന്നും വൈപരീത്യമുണ്ടെന്നും പറയുന്നതല്ലാതെ ഇന്നുവരെ അവർക്കു ആർക്കും അതു തെളിയിക്കുവാൻ കഴിഞ്ഞിട്ടില്ല. ചിലരെ ബൈബിൾ പ്രശ്നങ്ങൾ വിഷമിപ്പിച്ചിട്ടുണ്ടാകും. എന്നാൽ ശ്രദ്ധയോടെ വായിച്ചു ഗ്രഹിക്കുന്നവർക്കു സകല ബുദ്ധിമുട്ടും മാറി കിട്ടും. കാരണം ഏതു പ്രശ്നത്തിനും ശരിയായ പ്രായോഗിക പരിഹാരം ബൈബിളിൽ ഉണ്ട്. നാം അതു കണ്ടെത്തണം എന്നു മാത്രം. മനുഷ്യരുടെ അജ്ഞതയാണ് പല പ്രശ്നങ്ങൾക്കും കാരണം. പണ്ടു മുതലേ അതു ശരിയാണെന്നു ചരിത്രം പരിശോധിച്ചാൽ അറിയാം.

ബൈബിളിൽ ഒരൊററ തെറേറാ വിപരീത പ്രസ്താവനകളോ ഇല്ല എന്നതാണ് എനിക്കു മനസിലാക്കുവാൻ ക

ഴിഞ്ഞതു. വിമർശകർ പറയുന്ന എതിരഭിപ്രായങ്ങൾക്കു യാതൊരു പ്രസക്തിയുമില്ല. ബൈബിളിലെ വസ്തുതകളെ എതിർക്കുന്നവർ ഗവേഷകരുടെ കണ്ടുപിടിത്തങ്ങൾ വരുമ്പോൾ അവരുടെ വിമർശനം മാററി കളയും. ലോകത്തിലെ മററു പുസ്തകങ്ങളിൽ നിന്നു വ്യത്യസ്തമായി ചരിത്ര സത്യം കൃത്യമായി പ്രതിപാദിച്ചിരിക്കുന്ന ഒന്നാണ് ബൈബിൾ. ബൈബിളിലെ ചരിത്ര സത്യവും ശാസ്ത്രസത്യവും ആർക്കും നിഷേധിക്കാൻ പററാത്തതാണ്. ബൈബിളിലെ അസാധാരണ കൃത്യത അതു ദൈവശ്വാസിയമെന്നു തെളിയിക്കുന്നു.

വിശുദ്ധ നഗരമായ യെരുശലേം സന്ദർശിച്ച J.W. മെക്കാറെ, അദ്ദേഹം എഴുതിയ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതു ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥലങ്ങൾ ഭൂമിശാസ്ത്ര പരമായി ആർക്കും നിഷേധിക്കാൻ പററാത്തതാണെന്നാണ്. അതുകൊണ്ടു വിശ്വാസ യോഗ്യമാണ്.

ബൈബിളിലെ അസംഖ്യം പ്രവചനങ്ങൾ നിറവേറപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ലോക ചരിത്രം നോക്കിയാൽ ദൈവത്തിന്റെ പ്രവാചകൻമാർ പ്രവചിച്ചതെല്ലാം അങ്ങനെ തന്നെ സംഭവിച്ചു കഴിഞ്ഞു എന്നു കാണാം. യെരുശലേമിനെ കുറിച്ചും ഏദോമ്യരുടെ സന്തതികളെ കുറിച്ചും, യെഹൂദയെ കുറിച്ചും എല്ലാം പ്രവചിക്കപ്പെട്ടതു നിറവേറി കഴിഞ്ഞിരിക്കുന്നു. യേശുക്രിസ്തു നടത്തിയതായ പ്രവചനവും നിറവേറിയതായി ചരിത്രം വ്യക്തമാക്കുന്നുണ്ട്. അതുകൊണ്ടു എല്ലാ മനുഷ്യരും ബൈബിൾ സത്യമാണെന്നു വിശ്വസിക്കയും അനുസരിക്കയും ചെയ്യണം. അതല്ലാതെ ആധികാരികമായ രക്ഷാ പരിജ്ഞാനമോ മാർഗ്ഗമോ വേറെ ഇല്ല.

## HEAR THE VOICE OF TRUTH ON RADIO

# SRILANKA

| | |
|---|---|
| **Hindi** | Sundays 6:45 A.M. - 7:00 A.M. and Thursdays, 6:45 AM - 7:00 A.M. Speaker Sunny David, Box 3815, New Delhi - 110049 |
| **Malayalam** | Friday 3:45 - 4.00 pm. Speaker : P.K. Varghese Box 5540, Trivandrum - 34 |
| **Tamil** | Mondays, Tuesdays, Wednesdays Thursdays, Fridays 5:30 P.M. to 5.45 P.M. Speaker, P.R. Swamy, Box 8405, Bangalore 560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M. - 2:15 P.M. Speaker, Joshua Gootam, Box 80, Kakinada - 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum - 695 035, Kerala, India

**Annual subscription: Rs. 50/-**

**Reg. No.K. Dis. 90095/86/A8.Reg. No. KL(N) 22/2003-2005**
**Licensed to post without prepayment No. Tech/62-2 TV(N) 40/2004**

*Join us to worship God in spirit and Truth*
*The*

# CHURCH OF CHRIST

Meets at T.C. 27/225
Thampuranmukku, Trivandrum - 35

**Sunday - worship - 10.00am**
**Tuesday - Bible Study - 6.00pm**

**ALL ARE WELCOME**

**All correspondence should be sent to the Editor, The Bible Truth, Post Box No. 5540, Trivandrum - 34, Kerala, India**

*To*

*From*

**THE BIBLE TRUTH**
Church of Christ
Thampuranmukku
Trivandrum -695035
Kerala, India
Phone: 2303378